Mr. Speaker: The question is that the Travancore Medical Practitioners Act (Amendment) Bill as amended be passed.

The motion was carried and the Bill was passed

The Travancore-Cochin Treasure Trove Bill

Minister for Finance and Revenue **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Treasure Trove Bill.

Chief Minister **(Sri. T. K. Narayana Pillai):** I second the motion.

Mr. Speaker: The Bill is introduced.

Sri. A. J. John: I move that the Bill be taken into consideration.

ഈ ബില്ല് തിരുവിതാംകൂറിൽ ഇപ്പോൾ നിലവിലുള്ളതായ ട്രഷർട്രോവ് ആക്ടിനെ അടിസ്ഥാനപ്പെടുത്തി കൊണ്ടുവന്നിട്ടുള്ളതാണ്. ഇതിനു് അനുസരണമായ ഒരു ആക്ടാണ് കൊച്ചിയിലും ഉള്ളതു്. എന്നാൽ, ഇൻഡ്യൻ ട്രഷർട്രോവ് ആക്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് കൊച്ചിയിലെ ആക്ട് ഉണ്ടാക്കിയിട്ടുള്ളതു്. അതുകൊണ്ടു് കൊച്ചിയിലെ നിയമത്തിനു് ചില ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. പ്രധാനമായ ഭേദഗതി മൂ–ാം വകുപ്പിനെ സംബന്ധിച്ചുള്ളതാണ്. ആ വകുപ്പിൽ

The owner of the place in which the treasure is found if he is not the finder, and the occupier of such place, if he is neither the finder nor the owner, shall also give notice in writing to the Collector specifying the particulars referred to in clauses (*a*) and (b) and (c) of sub section (1) before the expiry of two months from the date on which the owner or the occupier, as the case may be, becomes aware of the finding of the treasure".

എന്നു പറഞ്ഞിരിക്കുന്നു. കൈവശക്കാരനായിരുന്നാൽതന്നെയും ആ വിവരം കളക്ടരെ അറിയിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്. എന്നാൽ തിരുവിതാംകൂറിലെ നിയമത്തിൽ പറഞ്ഞിരിക്കുന്നതു് മുപ്പതുദിവസത്തിനകം വിവരം അറിയിക്കണമെന്നുമാത്രമാണ്. ഇൻഡ്യൻ ആക്ടിൽ അങ്ങനെ ഒരു വ്യവസ്ഥ ചെയ്തിട്ടില്ല. അതുപോലെ വ–ാം വകുപ്പിൽ കളക്ടരുടെ ഓർഡറിന്മേൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഗവണ്മെണ്ടിനാണെന്നു പറഞ്ഞിട്ടുണ്ട്. അതിനു പകരം അപ്പീൽ കേൾക്കുവാനുള്ള അധികാരം റവന്യൂബോർഡിനാണ് ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. വിവരം അറിയിക്കാതിരുന്നാൽ ഒരു പിഴ ശിക്ഷമാത്രമെ തിരുവിതാംകൂർ നിയമത്തിൽ കൊടുത്തിട്ടുള്ളു. എന്നാൽ കൊച്ചിയിലും ഇൻഡ്യയിലും ഉള്ള നിയമത്തിൽ തടവുശിക്ഷകൂടി വച്ചിട്ടുണ്ട്. അതിനാൽ ഈ നിയമത്തിലും തടവുശിക്ഷ വച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഇതുമാത്രമാണ് ഭേദഗതികൾ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ വരുത്തിയിട്ടുള്ളു. അതിനാൽ ഈ ബിൽ ഉടൻതന്നെ സഭയുടെ പരിഗണനയ്ക്കു് എടുക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഈ ബിൽ സെലക്ട് കമ്മറ്റിക്കു അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു ഒരു ഡിസ്ട്രിക്ട് കളക്ടരുടെ തീരുമാനം അവസാനതീരുമാനമായിവരുന്നു. അതുപോലെ മറ്റു ചില അവസരങ്ങളിൽ റവന്യൂബോർഡിന്റെ തീരുമാനം അവസാന തീരുമാനമായും വരുന്നുണ്ട്. ഉടമാവകാശത്തിന്മേൽ സംശയം തട്ടുമ്പോഴോ, തക്കം വരുമ്പോഴോ ഒരു കോടതിയുടെ തീരുമാനത്തിനു് യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല. അങ്ങനെ ഒരു കോടതിക്കു് തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുവാൻ അധികാരമില്ലാത്ത വകുപ്പുകൾകൂടി ഇതിൽ ഉൾപ്പെട്ടുന്നുണ്ട്. വ്യാം വകുപ്പുനുസരിച്ച്",

"If upon such enquiry the Collector sees no reason to believe that the treasure was so hidden, or if, where a period is fixed under section 7, no suit is instituted as aforesaid within such period to the knowledge of the Collector, or if such suit is instituted within such period and the plaintiff's claim is finally rejected, the Collector may declare the treasure to be ownerless."

കളക്ടർ പ്രാഥമികമായ അന്വേഷണങ്ങൾ നടത്തി ഇതു ആരും പ്രത്യേകമായി സൂക്ഷിച്ചുവയ്ക്കേണ്ട ഒന്നല്ല എന്നു ബോദ്ധ്യപ്പെട്ടാൽ ഉടമസ്ഥനില്ലാത്ത സ്വത്താണെന്നു വിധിക്കാൻ കളക്ടർക്ക് അവകാശമുണ്ടായിരിക്കും എന്നാണ് പറയുന്നതു്. അതിനെ സംബന്ധിച്ച് ഒരു തർക്കം ഉണ്ടായാൽ അപ്പീൽ കേൾക്കുവാനുള്ള അധികാരം റവന്യൂബോർഡിനു മാത്രമാണ്. കളക്ടരുടെ ഒരു വിധിക്കു്, പ്രാഥമികാന്വേഷണങ്ങൾക്കുശേഷം ഓണർലസ് ആണെന്നു ബോദ്ധ്യംവന്നാൽ മാത്രംമതി. അങ്ങനെ ഒരു സിവിൽകോടതിയുടെ അധികാരംകൂടി കളക്ടർക്കു കൊടുത്തിരിക്കുന്നു. ഇങ്ങനെയുള്ള ചില വ്യവസ്ഥകൾകൂടി ഈ ബില്ലിൽ അടങ്ങിയിട്ടുണ്ട്. അവ ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ ഈ ബില്ല് സെലക്ട് കമ്മിറ്റിക്കു അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. എ. ജെ. ജോൺ: ഈ ബിൽ സെലക്ട് കമ്മിറ്റിയ്ക്കു അയക്കുന്നതിനു എനിക്കു വിരോധമില്ല. താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ സെലക്ട് കമ്മിറ്റിക്കു ഈ ബിൽ അയയ്ക്കണമെന്നു് അൻ അഭിപ്രായപ്പെടുന്നു.

സെലക്ട് കമ്മിറ്റിയംഗങ്ങൾ

(ക) ശ്രീ. കെ. ശിവരാമപിള്ള.
(ഖ) ശ്രീ. എം. ആർ. വേലപ്പൻ.
(ഗ) സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്.
(ഘ) ശ്രീ. കെ. എം. ചാണ്ടി.
(ങ) ശ്രീ. കെ. എസ്സ്. ജോസഫ്.
(ച) ശ്രീ. പി. എസ്സ്. മാധവൻവൈദ്യൻ.
(ഛ) ശ്രീ. കളത്തിൽ വേലായുധൻനായർ.
(ജ) ശ്രീ. പി. കെ. രാമൻ.

കോറം ൪ ആയിരിക്കും.

Mr. Speaker: The question is that the Travancore-Cochin Treasure Trove Bill be referred to a Select Committee consisting of the members whose names were mentioned by the Hon'ble Minister, the quorum of the committee being four.

The motion was carried and the Bill was referred to the Select Committee.

The Travancore-Cochin Police Bill

Chief Minister **(Sri. T. K. Narayana Pillai):** Sir, I beg to introduce the Travancore-Cochin Police Bill.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

Mr. Speaker: The Bill is introduced.

Sri. T. K. Narayana Pillai: I move that the Bill be referred to a Select Committee.

Sri. A. J. John: I second it.

LIBRARY ARCHIVES Kerala Legislative Assembly